ഹദീസ്

സി.എസ്.എസ്

# നമ്മുടെ പ്രാർഥന എങ്ങനെയാണ്?

عَنْ أَبِي هُرَيْرَةَ، أَنَّ رَسُولَ اللَّهِ صلى الله عليه وسلم قَالَ : يُسْتَجَابُ لأَحَدِكُمْ مَا لَمْ يَعْجَلْ
يَقُولُ دَعَوْتُ فَلَمْ يُسْتَجَبْ لِي (متفق عليه)

**അബൂഹുറയ്റ(റ)യിൽനിന്ന് നിവേദനം: നബി(സ) പറഞ്ഞു: "നിങ്ങളിൽ ഒരാൾ ധൃതികാണിക്കാത്തിടത്തോളം അവന്റെ പ്രാർഥനക്ക് ഉത്തരം നൽകപ്പെടും. (ധൃതി കാണിക്കുന്നവൻ ഇങ്ങനെ) പറയുന്നു: ഞാൻ (എത്ര തവണ) പ്രാർഥിച്ചു. പക്ഷേ, എനിക്ക് ഉത്തരം ലഭിച്ചില്ല.**

ഖുർആനിൽ ഒരു പ്രാർഥനയുണ്ട്. സകരിയ്യ നബി (അ) നടത്തുന്ന പ്രാർഥന. നാഥനോട് തേടുമ്പോൾ പാലിക്കേണ്ട മുഴുവൻ മര്യാദകളും ഒത്തിണങ്ങിയ പ്രാർഥന. അത് ഇങ്ങനെയാണ്; ''നാഥാ, എന്റെ അസ്ഥികൾ വരെ ദുർബലമായിക്കഴിഞ്ഞു. തലയാണെങ്കിൽ നരയാൽ മിന്നിത്തിളങ്ങുന്നു. നാഥാ, ഞാൻ നിന്നോട് പ്രാർഥിച്ചിട്ട് ഒരിക്കലും പരാജിതനായിട്ടില്ല. എനിക്കു ശേഷം എന്റെ ബന്ധുജനങ്ങളെക്കുറിച്ച് ഞാൻ ഭയപ്പെടുന്നു. എന്റെ പത്നിയാവട്ടെ വന്ധ്യയാകുന്നു. അതിനാൽ നിന്റെ സവിശേഷമായ ഔദാര്യത്താൽ എനിക്ക് ഒരു പിൻഗാമിയെ പ്രദാനം ചെയ്യേണമേ'' (*മർയം*: 4,5).

സകരിയ്യ നബിയുടെ പ്രാർഥന ഒന്നിലധികം ഗുണപാഠങ്ങൾ നമുക്ക് നൽകുന്നുണ്ട്:

ഒന്ന്) പ്രാർഥനക്ക് ഉത്തരം പ്രതീക്ഷിക്കുമ്പോൾ ധൃതി കൂട്ടരുത്. ധൃതി കാണിക്കുന്നവരുടെ പ്രാർഥന അല്ലാഹു പരിഗണിക്കുകയില്ല. സകരിയ്യ നബി ഈ പ്രാർഥന നടത്തുമ്പോൾ അദ്ദേഹത്തിന് വയസ്സ് നൂറ്. ഭാര്യ തൊണ്ണൂറിലും. വിവാഹം കഴിഞ്ഞതു മുതൽ സന്താനസൗഭാഗ്യം അദ്ദേഹം ആഗ്രഹിച്ചിരിക്കുമല്ലോ. അഥവാ യുവാവായിരിക്കെ തുടങ്ങിയ പ്രാർഥനയാണിത്. കാലം കുറേ കഴിഞ്ഞുപോയി. പതിറ്റാണ്ടുകൾ നിരവധി പിന്നിട്ടു. എന്നിട്ടും ഒരു കുഞ്ഞിനു വേണ്ടി അദ്ദേഹം പ്രാർഥന തുടരുന്നു. ധൃതിയുടെ അംശം പോലും ആ പ്രാർഥനയിൽ നാം കാണുന്നില്ല. ധൃതി കാണിക്കുന്നത് പ്രാർഥനയുടെ മര്യാദയിൽ പെട്ടതല്ല എന്ന കാര്യമാണ് മുകളിലെ നബിവചനവും ഉണർത്തുന്നത്.

അങ്ങനെയും ഉണ്ടല്ലോ ചിലർ. ഒരു കാര്യം പല തവണ പ്രാർഥിക്കും. അല്ലാഹു പെട്ടെന്ന് ഉത്തരം നൽകിയില്ലെങ്കിൽ അവർ നിരാശരാകും. അല്ലാഹു തന്നെ പരിഗണിക്കുന്നില്ല എന്ന് പരാതിപ്പെടും. ഒടുവിൽ ആ കാര്യം അല്ലാഹുവിനോട് ചോദിക്കുന്നത് നിർത്തും. ഈ സമീപനം പടച്ചവൻ ഒട്ടും ഇഷ്ടപ്പെടുന്നില്ല എന്നാണ് നബി (സ) പഠിപ്പിക്കുന്നത്.

രണ്ട്) കിട്ടുന്നതുവരെ ചോദിച്ചുകൊണ്ടേ ഇരിക്കുക. സകരിയ്യ നബിയുടെ പ്രാർഥന നൽകുന്ന രണ്ടാമത്തെ സന്ദേശമാണിത്. ഉമ്മയോട് കളിപ്പാട്ടം ആവശ്യപ്പെടുന്ന കുട്ടിയെപ്പോലെ. കുട്ടി തന്റെ ആവശ്യം പറയുന്നു. ഉമ്മ അത് പരിഗണിക്കുന്നില്ല. അവൻ വീണ്ടും വീണ്ടും ആവശ്യപ്പെടുന്നു. ഉമ്മ വാങ്ങിച്ചു കൊടുക്കുന്നില്ല. കുട്ടി ഉമ്മയുടെ പി

പ്രാർഥിച്ചുനോക്കാം, ചിലപ്പോൾ കിട്ടും എന്ന മനസ്സോടെ ചിലർ പ്രാർഥിക്കാറുണ്ട്. അപ്പോൾ തന്നെ ആ പ്രാർഥന പരാജയപ്പെട്ടു. നബി (സ) പറയുകയുണ്ടായി; 'അല്ലാഹുവിനോട് പ്രാർഥിക്കുമ്പോൾ ഉത്തരം കിട്ടുമെന്ന ദൃഢവിശ്വാസം ഉണ്ടായിരിക്കണം. അശ്രദ്ധമായ ഹൃദയത്തിൽനിന്ന് വരുന്ന പ്രാർഥനകൾ അല്ലാഹു സ്വീകരിക്കാറില്ല.'

റകെ കൂടുന്നു. പിന്നെ കരച്ചിലായി. ഉമ്മയുടെ വസ്ത്രം പിടിച്ചു വലിച്ച് വാശിപിടിക്കുന്നു. കിട്ടിയേ അടങ്ങൂ എന്ന മനസ്സ്. അവസാനം ഉമ്മ അവന്റെ ആവശ്യം പരിഗണിക്കുന്നു. ഇങ്ങനെയാണ് അല്ലാഹുവിനോട് പ്രാർഥിക്കേണ്ടത്. ഒരു കൊച്ചു കുട്ടിയെപ്പോലെ, ചോദിച്ചത് കിട്ടുന്നതുവരെ അല്ലാഹുവിന്റെ മുമ്പിൽ കരഞ്ഞു കിടക്കണം.

മൂന്ന്) ഉത്തരം കിട്ടുമെന്ന നൂറ് ശതമാനം ഉറച്ച വിശ്വാസത്തോടെ പ്രാർഥിക്കണം. പ്രാർഥനയുടെ തുടക്കത്തിൽ സകരിയ്യ നബി പറയുന്ന കാര്യങ്ങൾ നോക്കൂ; 'നാഥാ, എന്റെ ശരീരം അങ്ങേയറ്റം ദുർബലമായി കഴിഞ്ഞിരിക്കുന്നു. തലമുടി മുഴുവൻ നരച്ചുപോയിരിക്കുന്നു. ഞാനിപ്പോൾ പടുകിഴവനാണ്. എന്റെ സഹധർമിണി വന്ധ്യയാണ്. ഒരു കുഞ്ഞിന് ജന്മം നൽകാൻ അവൾക്ക് ശേഷിയില്ല.' ശേഷം അദ്ദേഹം ചോദിക്കുന്ന കാര്യം നമ്മെ അത്ഭുതപ്പെടുത്തുന്നു; 'ഇങ്ങനെയൊക്കെ ആണെങ്കിലും തമ്പുരാനേ, ഒരു സന്താനത്തിനു വേണ്ടി ഞാൻ നിന്നോട് പ്രാർഥിക്കുകയാണ്. ഇതിനു വേണ്ടി പതിറ്റാണ്ടുകൾ ഞാൻ നിന്നോട് ഇരന്നു. പക്ഷേ, നിന്നോട് തേടുന്നതിൽ ഞാൻ ഒട്ടും നിരാശനല്ല.' ഉത്തരം കിട്ടുമെന്ന പൂർണ വിശ്വാസമല്ലേ ഈ പ്രാർഥനയിൽ നാം കാണുന്നത്. ഒടുവിൽ അല്ലാഹു അദ്ദേഹത്തോട് പറഞ്ഞു:

''അല്ലയോ സകരിയ്യ, നാം നിനക്കൊരു പുത്രനെ നൽകുന്നുവെന്ന സന്തോഷവാർത്ത അറിയിക്കുന്നു....'' (*മർയം*: 7).

പ്രാർഥിച്ചുനോക്കാം, ചിലപ്പോൾ കിട്ടും എന്ന മനസ്സോടെ ചിലർ പ്രാർഥിക്കാറുണ്ട്. അപ്പോൾ തന്നെ ആ പ്രാർഥന പരാജയപ്പെട്ടു. നബി (സ) പറയുകയുണ്ടായി; 'അല്ലാഹുവിനോട് പ്രാർഥിക്കുമ്പോൾ ഉത്തരം കിട്ടുമെന്ന ദൃഢവിശ്വാസം ഉണ്ടായിരിക്കണം. അശ്രദ്ധമായ ഹൃദയത്തിൽനിന്ന് വരുന്ന പ്രാർഥനകൾ അല്ലാഹു സ്വീകരിക്കാറില്ല.'

പ്രാർഥിക്കുമ്പോൾ പാലിക്കേണ്ട മറ്റൊരു മര്യാദയുണ്ട്. നമ്മുടെ നിസ്സഹായാവസ്ഥയും ദുർബലതയും സങ്കടവും ആദ്യം അല്ലാഹുവിന്റെ മുമ്പിൽ വെക്കുക. എന്നിട്ട് ഉദ്ദേശിക്കുന്ന കാര്യം ചോദിക്കുക. അപ്പോൾ അല്ലാഹുവിനോട് സംസാരിക്കുന്നത് നാവായിരിക്കില്ല, ഹൃദയമായിരിക്കും. നബി (സ)യുടെ പ്രാർഥനകൾ അങ്ങനെയായിരുന്നു. ഒരു ഉദാഹരണം പറയാം. നബിയെ സംബന്ധിച്ചേടത്തോളം നാട്ടിലെ അത്താണിയായിരുന്നു അബൂത്വാലിബ്. വീട്ടിലെ ആശ്വാസമായിരുന്നു ഖദീജ ബീവി. പ്രതിസന്ധിയുടെ തിരമാലകൾ ഒന്നിനു പിറകെ മറ്റൊന്നായി നിലക്കാതെ അലയടിച്ചപ്പോഴും ഇവർ രണ്ടു പേരുടെയും സാന്നിധ്യം റസൂലിന് നൽകിയ ആശ്വാസം ചെറുതായിരുന്നില്ല. എന്നാൽ രണ്ടു പേരും ഒരേ വർഷം ദുൻയാവിൽനിന്ന് പടിയിറങ്ങിപ്പോയി. വീട്ടിൽ നബി(സ) ഒറ്റപ്പെട്ടു. നാട്ടിൽ അഭയം നഷ്ടപ്പെട്ടു. മുന്നോട്ട് നോക്കുമ്പോൾ ശൂന്യത മാത്രം. ഒരു വഴിയും തെളിയുന്നില്ല. അപ്പോഴാണ് ത്വാഇഫിനെ കുറിച്ച് റസൂൽ ആലോചിക്കുന്നത്. അവിടെ ഉമ്മയുടെ കുടുംബമുണ്ടല്ലോ. അവസാനത്തെ പിടിവള്ളി. നബി (സ) അങ്ങോട്ട് യാത്ര തിരിച്ചു. പക്ഷേ, അവർ ആട്ടിപ്പുറത്താക്കുകയാണ് ചെയ്തത്. തെരുവിലെ കുട്ടികൾ നബിയെ കല്ലെറിഞ്ഞോടിച്ചു. ചോരയൊലിക്കുന്ന ശരീരവും മുറിവേറ്റ മനസ്സുമായി റസൂൽ തിരിച്ചു നടന്നു. തളർന്നപ്പോൾ ഒരു തോട്ടത്തിൽ വിശ്രമിക്കാൻ ഇരുന്നു. എല്ലാം നഷ്ടപ്പെട്ടവന്റെ വേദന. വിങ്ങുന്ന മനസ്സോടെ പ്രവാചകൻ അല്ലാഹുവിനോട് പ്രാർഥിച്ചു: 'നാഥാ, എന്റെ ശക്തി വളരെ ദുർബലമാണെന്ന് ഞാൻ നിന്നോട് പരാതിപ്പെടുന്നു. എന്റെ വിഭവങ്ങളും പരിമിതമാണ്. ജനങ്ങൾ എന്നെ വിലവെക്കുന്നില്ല. കാരുണ്യസാഗരമേ, നീ ദുർബലരുടെയും പ്രയാസപ്പെടുന്നവരുടെയും രക്ഷിതാവാണല്ലോ. ആരിലേക്കാണ് നീ എന്നെ ഏൽപിച്ചു കൊടുക്കുന്നത്? എന്നോട് പരുഷമായി പെരുമാറുന്ന വിദേശിക്കോ, എന്നെ അടക്കിവാഴാനൊരുങ്ങുന്ന ശത്രുവിനോ? എന്നാൽ നിനക്ക് എന്നോട് ദേഷ്യമില്ലെങ്കിൽ ഇതൊന്നും എനിക്ക് പ്രശ്നമേ അല്ല. പക്ഷേ, നിന്റെ സംരക്ഷണമാണ് എപ്പോഴും അഭികാമ്യമായിട്ടുള്ളത്. നിന്റെ വെളിച്ചമാണ് ഇരുട്ടിനെ വകഞ്ഞുമാറ്റുന്നത്.....'

എത്ര വൈകാരികമായ പ്രാർഥന! അല്ലാഹുവിന് ഇഷ്ടമാണ് ഇത്തരം പ്രാർഥനകൾ. ഇങ്ങനെ ഹൃദയത്തിൽനിന്ന് വരുന്ന പ്രാർഥനകൾ ഒരിക്കലും പാഴായിപ്പോവുകയില്ല എന്ന് നബി (സ) ഉറപ്പു നൽകിയിട്ടുണ്ട്.

●